നമ്പർ :എ(3)17898/18

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം- 695 033
Website: www.lc.kerala.gov.in
തീയതി : 19/06/2019

## സർക്കുലർ നമ്പർ 10/2019

വിഷയം:- തൊഴിൽ വകുപ്പ് ഹരിത ചട്ടങ്ങൾ (ഗ്രീൻ പ്രോട്ടോക്കോൾ) പ്രകാരമുള്ള ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുന്നത്-സംബന്ധിച്ച്

സൂചന :- ലേബർ കമ്മീഷണറേറ്റിലെ യൂണിറ്റ് ഓഫീസർമാരുടേയും സൂപ്പർവൈസറി ഓഫീസർമാരുടേയും 11.06.2019 തീയതിയിലെ യോഗ നടപടിക്കുറിപ്പ്

തൊഴിൽവകുപ്പിന് കീഴിൽ ലേബർ കമ്മീഷണറേറ്റിലും ഉപകാര്യാലയങ്ങളിലും ഹരിത ചട്ടങ്ങൾ (ഗ്രീൻ പ്രോട്ടോക്കോൾ) നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ/ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്-മാരും ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരും ജില്ലാ ലേബർ ഓഫീസർമാരും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ഒരു മാസത്തിനകം ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

1. വകുപ്പ് സംഘടിപ്പിക്കുന്ന യോഗങ്ങളിലും പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.
2. ഓഫീസുകളിലെ മീറ്റിംഗുകൾ, റിട്ടയർമെന്റ്/യാത്രയയപ്പ്പരിപാടികൾ, സാംസ്ക്കാരിക പരിപാടികൾ,ദിനാചരണങ്ങൾ മുതലായവ സംഘടിപ്പിക്കുമ്പോൾ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കുക
3. യോഗങ്ങളിൽ സ്വാഗതം ആശംസിക്കുമ്പോൾ വിശിഷ്ടാതിഥികൾക്ക് വിലകൂടിയ ബൊക്ക/പൂച്ചെണ്ട് നൽകുന്നത് ഒഴിവാക്കി പകരം ലളിതമായ രീതിയിൽ പ്രകൃതി ജന്യ പൂക്കൾ പ്ലാസ്റ്റിക് ആവരണമില്ലാതെ നൽകുവാൻ ശ്രദ്ധിക്കുക
4. മീറ്റിംഗ് ഹാളിനുള്ളിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യാതിരിക്കുക.
5. ഔദ്യോഗിക മീറ്റിംഗുകളിലും ആഘോഷ പരിപാടികളിലും പുനരുപയോഗിക്കാൻ കഴിയുന്ന തരം പാത്രങ്ങളിലും ഗ്ലാസുകളിലും ആഹാരം വിളമ്പുക.
6. പ്ലാസ്റ്റിക് ഫ്ളക്സ് ബാനറുകൾക്ക് പകരം പരിപാടികൾക്ക് പ്രകൃതിയിൽ ലയിച്ചു ചേരുന്ന തരം തുണി ബാനറുകൾ ഉപയോഗിക്കുക.
7. ഓഫീസും പരിസരവും പരമാവധി വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക.

ചെടികളും അലങ്കാരസസ്യങ്ങളും നട്ട് പിടിപ്പിച്ച് ഓഫീസിന്റെ ചുറ്റുപാട് ഭംഗിയോടെ നിലനിർത്തുവാൻ ശ്രമിക്കുക. മാലിന്യ നിർമ്മാർജ്ജനത്തോടൊപ്പം തന്നെ മാലിന്യം ഉണ്ടാവാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക. പാഴ് വസ്തുക്കളും ഉപയോഗ ശൂന്യമായ ഫർണ്ണീച്ചറുകളും നിയമാനുസൃതമായ നടപടിക്രമം പാലിച്ച് ഓഫീസ് പരിസരത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്.

8. ഓഫീസുകളിൽ പുനരുപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളിൽ(സ്റ്റീൽ പാത്രങ്ങൾ മുതലായവ) ആഹാരം കൊണ്ടു വരേണ്ടതാണ്. വാഴയില, പ്ലാസ്റ്റിക് കപ്പ്/ പ്ലാസ്റ്റിക്പ്ലേറ്റുകൾ മുതലായവ ഒഴിവാക്കുക.
9. ഓഫീസുകളിൽ പ്ലാസ്റ്റിക് ക്യാരിബാഗിന് പകരം പേപ്പർ/തുണി ക്യാരി ബാഗുകൾ ഉപയോഗിക്കുക
10. ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ മീറ്റിംഗ് ഹാളുകൾ അനുവദിച്ചു നൽകുമ്പോൾ ബന്ധപ്പെട്ടവർ ഹരിത ചട്ടങ്ങൾ പാലിക്കുന്നുവെന്ന് ഹാളിന്റെ നിയന്ത്രണച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം യോഗങ്ങൾ സംഘടിപ്പിക്കുന്നവർക്ക് ഹാളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് കടമയുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഡിപ്പാർട്ട്മെന്റുകൾക്ക് തുടർന്ന് പരിപാടികൾക്കായി ഹാൾ അനുവദിക്കാതിരിക്കുന്നതിനുള്ള അവകാശം ലേബർ കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർ

പകർപ്പ്:-

1. എല്ലാ സെക്ഷനുകളും, ലേബർ കമ്മീഷണറേറ്റ്
2. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
3. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്,കോട്ടയം
4. എല്ലാ ജില്ലാ ലേബർ ഓഫീസർ(ജി&ഇ) മാർക്കും
5. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും
6. വെബ്സൈറ്റ്
7. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ലേബർ കമ്മീഷണർ(ആസ്ഥാനം)
നോഡൽ ഓഫീസർ, ഗ്രീൻ പ്രോട്ടോക്കോൾ

എസ്പിപി